പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :420 — 18.10.2011-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയുടെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസം മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും വൈവിധ്യമാർന്ന ഭൂപ്രകൃതിയും, കാലാവസ്ഥയും, തനതു സംസ്കാരവും, പൈതൃകവും പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പുതിയ ടൂറിസം ഉത്പന്നങ്ങൾ പ്രചരിപ്പിക്കുക, മേന്മയേറിയ സേവനം ഉറപ്പുവരുത്തുന്ന തരത്തിൽ മനുഷ്യ വിഭവശേഷി വികസിപ്പിക്കുക, തദ്ദേശവാസികൾക്ക് ഗുണപ്രദകരമാകുന്നുവെന്ന് ഉറപ്പുവരുത്തികൊണ്ട് അവരുടെ പൂർണ്ണ സഹകരണത്തോടെ ടൂറിസം വികസനം സംതുലിതമാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കാത്ത വിധത്തിൽ പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ വികസനം സാധ്യമാക്കുക, കേരള ടൂറിസം ബ്രാൻഡ് ശക്തിപ്പെടുത്തി ദേശീയ -അന്തർദേശീയ മാർക്കറ്റുകളിൽ ശക്തമായ വിപണനം നടത്തുക സ്വകാര്യമേഖലയുടെ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനായി വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| ബി) വിവിധ ടൂറിസം മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാക്കേജ് വികസിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ; | ബി) സംസ്ഥാന ടൂറിസം വകുപ്പ് കേരളത്തിലെ വിവിധ ടൂറിസം ഉത്പന്നങ്ങളുടെ മൊത്തമായുള്ള പ്രചാരണവും വിപണനവുമാണ് ലക്ഷ്യമിടുന്നത്. ഇത്തരം വിവിധ ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള പാക്കേജുകൾ വികസിപ്പിച്ച് വാണിജ്യാടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിനായുള്ള അവസരങ്ങൾ ഒരുക്കിയെടുക്കുകയാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ടൂറിസം വകുപ്പ് നേരിട്ട് പാക്കേജുകൾ വികസിപ്പിക്കുകയോ വിപണനം ചെയ്യുകയോ ചെയ്യുന്നില്ല. |
| സി) ടൂറിസത്തിന് വൻസാധ്യതയുള്ള വയനാട്, ഇടുക്കി ജില്ലകൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) വയനാടിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. ഇത് ജനപ്രതിനിധികളുമായും മറ്റും ചർച്ച ചെയ്ത് അന്തിമ രൂപം നൽകുന്നതാണ്. ഇടുക്കി ജില്ലയ്ക്ക് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ